(ബി) പോരുവഴി ഗവൺമെൻറ് ഡിസ്പെൻസറിയുടെ ആവശ്യത്തിനായി പെരുവിരുത്തി മലനട ദേവസ്വം കമ്മിറ്റി വാഗ്ദാനം ചെയ്തിരുന്ന ഒരേക്കർ സ്ഥലവും കെട്ടിടവും ഗവൺമെൻറിനു കൈമാറ്റം ചെയ്യുവാൻ പ്രസ്തുത ദേവസ്വം കമ്മിറ്റിക്കുള്ള അധികാരത്തെ ചോദ്യം ചെയ്തുകൊണ്ടും പ്രസ്തുത കൈമാറ്റ നടപടികൾ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും പത്തനംതിട്ട സബ് കോർട്ടിൽ ഒരു കേസ് നിലവിലുണ്ട്. ഈ കേസ് തീരുമാനമാകുന്നതുവരെ പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്തുകൊണ്ടുള്ള ദേവസ്വം കമ്മിറ്റിയുടെ നടപടിക്കു നിയമസാധുത ഉണ്ടായിരിക്കയില്ലെന്നും പത്തനംതിട്ട അഡീഷണൽ ഗവൺമെൻറ് പ്ലീഡർ അറിയിച്ചിട്ടുണ്ട്. സ്ഥലവും കെട്ടിടവും വിട്ടുകിട്ടിയതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹരിജൻ കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതായി പരാതി

65 [102] ശ്രീ. എം. കെ. കേശവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിലേയ്ക്കു വൈദ്യുതി കണക്ഷൻ കൊടുക്കണമെന്നു നിർദ്ദേശമുണ്ടായിട്ടും അങ്ങനെ ലഭിച്ചിട്ടില്ലായെന്നുള്ള പരാതി ഏതെങ്കിലും കോളനികളിൽ നിന്ന് ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കു കണക്ഷൻ കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിജൻ കോളനികളിൽ വൈദ്യുതി ലഭിച്ചിട്ടില്ലാ എന്നുള്ള പരാതി വെളിയത്തുനാട്, ഏലക്കാട്, കുന്നോം, കുറുപ്പൻകുളങ്ങര—ഉള്ളാട, മാണിക്യമംഗലം, പാച്ചുപ്പിള്ളക്കുടി എന്നീ കോളനികളിൽ നിന്നും കിട്ടിയിട്ടുണ്ട്.

(ബി) അവർക്കു കണക്ഷൻ കൊടുക്കുവാൻ നടപടികൾ എടുത്തു വരുന്നു.

(സി) എല്ലാ കോളനികളിലേക്കും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹാഫ് ഏ മില്യൻ പ്രോഗ്രാം അനുസരിച്ച് ജോലി ലഭിച്ചവർ

66 [103] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഫ് ഏ മില്യൻ പ്രോഗ്രാം അനുസരിച്ച് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ നിയമനം ലഭിച്ച ജൂനിയർ ഇലക്ട്രിക്കൽ ഇൻസ്പെക്ടേഴ്സ് തുടങ്ങിയവരെ സർവീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മറ്റെല്ലാഡിപ്പാർട്ടുമെൻറിലും ഇങ്ങനെ നിയമനം ലഭിച്ചവരെ സ്ഥിരമായി നിയമിച്ചിട്ടും ഇവരെ മാത്രം സർവീസിൽ സ്ഥിരപ്പെടുത്താത്തതിന് കാരണം എന്ത്;

LIBRARY ARCHIVES Kerala Legislative Assembly